## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *202 08.03.2017 ൽ മറുപടിയ്ക്ക്**

## വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കാൻ കർമ്മ പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ.<br>" മോൻസ് ജോസഫ്<br>" സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തെല്ലാം കർമ്മ പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ; | (എ) | വൈദ്യുതി സ്വയം പര്യാപ്തതമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നു വരുന്ന 6 ജലവൈദ്യുത പദ്ധതികൾ (ആകെ 59 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുവാനും, മുടങ്ങിക്കിടക്കുന്ന 3 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുവാനും (ആകെ 106 മെഗാവാട്ട്) പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആകെ 156.6 മെഗാവാട്ട് സ്ഥാപിതശേഷി ലഭിക്കുന്ന 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽ പറഞ്ഞ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ഇവ കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.<br>കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് ഇതുവരെ 14 സൗരോർജ്ജ പദ്ധതികളിൽ നിന്നായി 9.36 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 10.3 |

| | | | |
|---|---|---|---|
| | | | മെഗാവാട്ടിന്റെ 13 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 മെഗാവാട്ട് ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>2022 -ഓടു കൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി ഉയർത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 77 മെഗാവാട്ടിന്റെ പദ്ധതികൾ ഗ്രിഡുമായി ബന്ധിപ്പിക്കും.<br>കൂടാതെ സോളാർ പാർക്ക് പദ്ധതി പ്രകാരം 200 മെഗാവാട്ട് ശേഷിയുള്ള പദ്ധതി കാസർഗോഡ് ജില്ലയിൽ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ നിന്നും നടപ്പ് വർഷം 50 മെഗാവാട്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ശേഷിക്കുന്ന 50 മെഗാവാട്ട് 2017-18 ലും 100 മെഗാവാട്ട് 2018-19 ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കഞ്ചിക്കോട് 2.625 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും 1 മെഗാവാട്ട് സോളാർ നിലയത്തിന് സമീപം 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പാടം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾ വഴി 35 മെഗാവാട്ടോളം കൂടി ചേരുമെന്ന് പ്രതീക്ഷിക്കുന്നു.<br>കൂടാതെ പ്രകൃതി വാതകം ന്യായമായ വിലയിൽ ലഭിക്കുന്ന മുറയ്ക്ക് ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത നിലയം സ്ഥാപിക്കും. വൈദ്യുതി സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച് നടത്തി 30 കൊല്ലത്തിനുശേഷം തിരിച്ച് സർക്കാരിലേക്ക് തരുന്ന വിധത്തിലുള്ള (Build Own Operate & Transfer – BOOT) 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഏകദേശം 47.4 MW സ്ഥാപിതശേഷിയാണ് ഈ പദ്ധതികളിൽ നിന്നും പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.<br>കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ. കോർപ്പറേഷനുകൾ എന്നിവർക്ക് പ്രോത്സാഹനം നൽകിവരുന്നു. മാത്രമല്ല, സ്വന്തം സ്ഥലത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലമുണ്ടെങ്കിൽ, കുറഞ്ഞ പ്രീമിയം തുകയായ 15 ലക്ഷം രൂപ/MW അടച്ച് ദർഘാസിലൂടെ അല്ലാതെ പദ്ധതി നടത്തുവാനും പോളിസി ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ അനുദിന ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത് ഏതെല്ലാം സ്രോതസുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ അനുദിന ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നത്, സംസ്ഥാനത്തിലെ ആഭ്യന്തര ഉൽപാദനം വഴിയും കേന്ദ്ര വിഹിതമായും ദീർഘ/മദ്ധ്യ/ഹ്രസ്വകാല കരാർ/പവർ എക്സ്ചേഞ്ച് വഴിയും ലഭ്യമാകുന്ന വൈദ്യുതി ഉപയോഗിച്ചുമാണ്.<br>സംസ്ഥാനത്തിന്റെ ദിനംപ്രതിയുള്ള വൈദ്യുതി ലഭ്യതയുടെ വിവരങ്ങൾ (28.02.2017-ലെ കണക്കനുസരിച്ച്) ചുവടെ ചേർക്കുന്നു.<br>ഉപഭോഗം — 71.1174 മില്ല്യൺ യൂണിറ്റ്<br>ജല/താപവൈദ്യുതി/മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വഴി ലഭ്യമായ വൈദ്യുതി — 10.2736 മില്ല്യൺ യൂണിറ്റ്<br>കേന്ദ്ര വിഹിതം — 31.3584 മില്ല്യൺ യൂണിറ്റ്<br>ദീർഘ/മദ്ധ്യ/ഹ്രസ്വകാല കരാർ/പവർ എക്സ്ചേഞ്ച് വഴി ലഭ്യമാകുന്ന വൈദ്യുതി (open access) ഉൾപ്പെടെ — 26.7318 മില്ല്യൺ യൂണിറ്റ്<br>ഗ്രിഡ് വഴി അധികമായി എടുത്ത വൈദ്യുതി — 2.7536 മില്ല്യൺ യൂണിറ്റ്<br>**ആകെ — 71.1174 മില്ല്യൺ യൂണിറ്റ്** |
| സി) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ഉല്പാദനവും വിതരണവും ചെലവു കുറഞ്ഞ രീതിയിൽ ഉറപ്പുവരുത്താൻ പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ വൈദ്യുതി ഉൽപ്പാദന ചെലവ് കുറഞ്ഞ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് നടപ്പാക്കുന്നത്. നിലവിൽ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നു വരുന്നു. ആകെ 116.6 മെഗാവാട്ട് സ്ഥാപിതശേഷി |

| | | | |
|---|---|---|---|
| | | | ലഭിക്കുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.<br>MNRE കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന സൗരോർജ്ജ നിലയങ്ങളുടെ അടിസ്ഥാന നിരക്കുകളുമായി ബന്ധപ്പെട്ടുത്തിയും, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്തുമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ടി നിലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഇ-ടെൻഡറിലൂടെ സുതാര്യമായ നിലയിൽ EPC (Engineering Procurement & Construction Contract) കരാർ വഴി പദ്ധതി നടപ്പിലാക്കുന്നു.<br>MNRE പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം പരമാവധി ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.<br>ചെലവു കുറഞ്ഞ മൈക്രോ ജലവൈദ്യുത ടർബയിനുകളുടെ പൈലറ്റ് പ്രോജക്ടുകൾ പൊതുജനങ്ങൾക്കു കാണുവാൻ പാകത്തിൽ നടപ്പിലാക്കുവാൻ പദ്ധതികൾ ഉണ്ട്. ഇതിനായിട്ടുള്ള ദർഘാസ് നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇവ വികേന്ദ്രീയമായോ അല്ലെങ്കിൽ സാധാരണ LT ലൈനിലോട്ട് സിംക്രോണൈസ് ചെയ്യുവാൻ പാകത്തിനുള്ളതാണ്. അതിനാൽ പ്രാദേശികമായി വോൾട്ടേജ് ക്ഷാമവും തദ്വാര പ്രസരണ നഷ്ടവും കുറയ്ക്കുവാനും കഴിയും.<br>ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുത ഉത്പാദനത്തിനായും ശൃംഖലാബന്ധിതമല്ലാത്ത സൗരോർജ്ജ വൈദ്യുത ഉത്പാദനത്തിനായും കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി സൗരമേൽക്കൂര |

| | | | |
|---|---|---|---|
| | | | പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ആകെ 11.4 മെഗാവാട്ട് സ്ഥാപിതശേഷിയാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം — 1

## നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുന്തേനരുവി | 6 | 25.77 | പത്തനംതിട്ട |
| 2 | കക്കയം | 3 | 10.39 | കോഴിക്കോട് |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 | എറണാകുളം |
| 4 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 | തൃശ്ശൂർ |
| 5 | ചെങ്കുളം ഓഗ് മെന്റേഷൻ | - | 85 | ഇടുക്കി |
| 6 | അപ്പർ കല്ലാർ | 2 | 5.14 | ഇടുക്കി |
| | ആകെ | 59 | 254.82 | |

## നിർമ്മാണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | ഇടുക്കി |
| 2 | തോട്ടിയാർ | 40 | 99 | ഇടുക്കി |
| 3 | ചാത്തൻകോട്ടുനട-II | 6 | 14.76 | കോഴിക്കോട് |
| | ആകെ | 106 | 267.66 | |

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | കോഴിക്കോട് |
| 2 | പഴശ്ശി സാഗർ | 7.5 | 25.16 | കണ്ണൂർ |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 | ഇടുക്കി |
| 4 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 | ഇടുക്കി |
| 6 | ലാഡ്രം | 3.5 | 12.13 | ഇടുക്കി |
| 7 | ഒലിക്കൽ | 5 | 10.26 | കോഴിക്കോട് |
| 8 | പൂവാരംതോട് | 3 | 5.88 | കോഴിക്കോട് |
| 9 | മാർമ്മല | 7 | 23.02 | കോട്ടയം |
| 10 | ചെമ്പുക്കടവ് - III | 7.5 | 17.715 | കോഴിക്കോട് |

| | | | | |
|---|---|---|---|---|
| 11 | മാങ്കുളം | 40 | 82 | ഇടുക്കി |
| 12 | പീച്ചാട് | 3 | 7.74 | ഇടുക്കി |
| 13 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി |
| 14 | മരിപ്പുഴ | 6 | 14.84 | കോഴിക്കോട് |
| 15 | വാളാംതോട് | 7.5 | 15.291 | കോഴിക്കോട് |
| 16 | ആനക്കയം | 7.5 | 22.83 | തൃശ്ശൂർ |
| | ആകെ | 156.5 | 409.346 | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലിയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.065 | |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | |
| 14 | കെ.എസ്.ഇ.ബി യുടെ ജനറേഷൻ വിഭാഗത്തിലെ അനുയോജ്യമായ പവർ ഹൗസ് കെട്ടിടങ്ങളുടെ മുകളിൽ ഗ്രിഡ് കണക്റ്റഡ് (17 നം.) 1 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. | 0.7 | |
| | ആകെ | 9.361372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 764.86 |
| 2 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 382.089 |
| 3 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 4 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | നിർമ്മാണം പുരോഗമിക്കുന്നു | 450 |
| 5 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 6 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 7 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 8 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 9 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 10 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | വർക്ക് ഓർഡർ നൽകി | 369.3 |
| 11 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | നിർമ്മാണം അവസാനഘട്ടത്തിലാണ് | 228 |
| 12 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 13 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | ആകെ | 10.3 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (IPDS) | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | **ആകെ** | **4.71** | |

## കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ | 0.0009 | 300 വാട്സ് ശേഷിയുള്ള 3 കാറ്റാടി യന്ത്രങ്ങൾ വൈദ്യുതി ഭവന്റെ മേൽക്കൂരയിൽ സ്ഥാപിച്ചു. |
| 2 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് 50 നമ്പർ 20KW | 1 | ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 3 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ് (2.25 MW)<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് (4.65MW) | 2.625<br>3.75 | 2.625 മെഗാവാട്ട് വിൻഡിന്റെ പദ്ധതിയുടെ എസ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പരാജയപ്പെട്ടതിനെ തുടർന്നാണിത് |
| | **ആകെ** | **7.3759** | |

സെക്ഷൻ ഓഫീസർ

അനുബന്ധം-3

BOOT അടിസ്ഥാനത്തിൽ സ്വകാര്യമേഖലയിലെ ചെറുകിട ജല വൈദ്യുത പദ്ധതികൾ

ബന്ധം 3

| ക്രമ നമ്പർ | സ്ഥാപിതശേഷി (മെഗാവാട്ട് – MW) | പദ്ധതിയുടെ പേര് | ജില്ല |
|---|---|---|---|
| 1 | 6 | ആറ്റ് ലെ I | പാലക്കാട് |
| 2 | 6 | ആറ്റ് ലെ II | പാലക്കാട് |
| 3 | 0.25 | ബാലൻതോട് | ഇടുക്കി/എറണാകുളം |
| 4 | 0.6 | ചെറുപുഴ മിനി | മലപ്പുറം |
| 5 | 0.5 | ഇടത്തനാൽകത്ത് | ഇടുക്കി/എറണാകുളം |
| 6 | 0.35 | ഫർലോങ്ങ് കര | കണ്ണൂർ |
| 7 | 11 | കക്കാടംപോയിൽ സ്റ്റേജ് II | കോഴിക്കോട് |
| 8 | 0.75 | കങ്ങപ്പുഴ | ഇടുക്കി |
| 9 | 1 | കാഞ്ഞിരംപുഴ | പാലക്കാട് |
| 10 | 3 | കിള്ളിക്കല്ല് | കോഴിക്കോട് |
| 11 | 3 | കളിരാമുട്ടി | കോഴിക്കോട് |
| 12 | 3 | മന്തൻപോറ്റി | പാലക്കാട് |
| 13 | 0.15 | മുല്ലരിങ്ങാട് | ഇടുക്കി/എറണാകുളം |
| 14 | 1.5 | ഓണിപ്പുഴ | കോഴിക്കോട് |
| 15 | 2 | പഴക്കാനം | കോട്ടയം/ഇടുക്കി |
| 16 | 2 | പെരുവ | കണ്ണൂർ |
| 17 | 0.8 | പോട്ടൻതോട് 1 | കണ്ണൂർ |
| 18 | 1.5 | തിപ്പിളിക്കയം | പാലക്കാട് |
| 19 | 1 | ഉരുട്ടിപ്പുഴ | കണ്ണൂർ |
| 20 | 3 | വാലൻതോട് സ്റ്റേജ് II | മലപ്പുറം |
| | 47.4 | | |